പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4043 — 26/06/2013-ൽ മറുപടിയ്ക്ക്

**പുരാതന ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ. | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം വക പുരാതന ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങളുടെയും കാവുകളുടെയും പുനരുദ്ധാരണ പദ്ധതിക്ക് തുക അനുവദിക്കുന്നതിന് 29/3/2012 -ലെ സ.ഉ. (എം.എസ്) നം. 128/12/ആർഡി നമ്പർ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൻെറ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള കമ്മീഷണറുടെ ശുപാർശ പരിശോധിച്ചു വരുന്നു. |
| ബി) കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന താമരശ്ശേരി കോട്ടയിൽ ഭഗവതി ക്ഷേത്രത്തിന്റെ വിശാലമായ കുളം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) താമരശ്ശേരി കോട്ടയിൽ ഭഗവതി ക്ഷേത്രത്തിൻെറ ജീർണ്ണോദ്ധാരണത്തിന് മാത്രമാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ക്ഷേത്രത്തിൻെറ കുളം സംരക്ഷിക്കുന്നതിന് ക്ഷേത്ര ഭരണാധികാരിയിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ